വ്യാപാരികളും പൊതുഗതാഗത ജീവനക്കാരും ആന്റിജൻ പരിശോധന നടത്തണം

കാസർകോട്: സൗജന്യ ആന്റിജൻ പരിശോധന നടത്തുന്നതിന് കാഞ്ഞങ്ങാട്ട് കിയോസ്ക് സജ്ജീകരിച്ചിട്ടുണ്ടെന്നും, ഈ പ്രദേശത്തെ തദ്ദേശ സ്ഥാപനം ലൈസൻസ് നൽകിയിട്ടുള്ള എല്ലാ വ്യാപാര സ്ഥാപന ഉടമകളും തൊഴിലാളികളും പൊതുഗതാഗത സംവിധാനങ്ങളിലെ ജീവനക്കാരും സർക്കാർ ഉദ്യോഗസ്ഥർ ചെയ്യുന്നതുപോലെ 14 ദിവസത്തിലൊരിക്കൽ കോവിഡ് പരിശോധന നടത്തണമെന്നും കലക്ടർ അറിയിച്ചു. വ്യാപാരികൾ നെഗറ്റീവ് റിപ്പോർട്ട് കടയിൽ പ്രദർശിപ്പിക്കേണ്ടതാണെന്നും ജില്ലാ കളക്ടർ പറഞ്ഞു. ജില്ലാതല കോറോണ കോർ കമ്മിറ്റി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലയിൽ പ്രവർത്തിച്ചു വന്നിരുന്ന ഏഴ് സി എഫ് എൽ ടി സികളിൽ ഗുരുവനം കേന്ദ്രീയ വിദ്യാലയം, പടന്നക്കാട് കേന്ദ്ര സർവകലാശാല പഴയ കെട്ടിടം, പെരിയ കേന്ദ്ര സർവകലാശാല ഹോസ്റ്റൽ എന്നീ മൂന്ന് കേന്ദ്രങ്ങൾ മാത്രം നിലനിലർത്തി ബാക്കിയുള്ളവ ആവശ്യം വന്നാൽ ഏറ്റെടുക്കാവുന്നതാണ് എന്ന വ്യവസ്ഥയിൽ തൽക്കാലം വിട്ടു കൊടുക്കുന്നതിന് കോർ കമ്മിറ്റി തീരുമാനിച്ചു.തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലവിലുള്ളതിനാൽ, കോവിഡ് ആശുപത്രിയായ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ അടിയന്തിരമായി ആവശ്യമുള്ള സ്റ്റാഫ് നഴ്സ്, ക്ലീനിംഗ് സ്റ്റാഫ് എന്നിവരെ താൽക്കാലികമായി നിയമിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് കളക്ടർ അനുമതി നൽകി

ഡ്രൈവിങ് ലൈസൻസിന് അപേക്ഷിക്കുന്നവർ കോവിഡ് പരിശോധന നടത്തി നെഗറ്റീവ് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ഡ്രൈവിങ്ങ് ടെസ്റ്റ് നടത്താൻ പാടുള്ളൂ എന്ന് ജില്ലാതല കോറോണ കോർ കമ്മിറ്റി യോഗം നിർദേശിച്ചു. മൈതാനങ്ങളിലും ബീച്ചുകളിലും മറ്റും അനുവദനീയമായതിൽ കൂടുതൽ ആൾക്കാർ കൂട്ടം ചേരുകയും കളികളിൽ ഏർപ്പെടുകയും ചെയ്യുന്നതായി സെക്ടർ മജിസ്ട്രേറ്റുമാരുടെ യോഗത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി എ.ഡി.എം എൻ ദേവീദാസ് പറഞ്ഞു. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു കൊണ്ട് കാണികൾ ഇല്ലാതെ പരമാവധി 20 പേർ മാത്രം പങ്കെടുത്തു കൊണ്ട് കളികൾ അനുവദിച്ചിട്ടുണ്ടെങ്കിലും തുറന്ന മൈതാനങ്ങളിൽ കളിക്കാൻ അനുമതി നൽകിയിട്ടില്ലയെന്ന് കളക്ടർ അറിയിച്ചു.

സത്യസായി ഓർഫനേജ് ട്രസ്റ്റ് സൗജന്യ ഡയാലിസിസ് യൂണിറ്റ് ഉദ്ഘാടനം ചെയ്തു

കാഞ്ഞങ്ങാട്: കാഞ്ഞിരടുക്കം സത്യസായി ഓർഫനേജ് ട്രസ്റ്റിന്റെ നേതൃത്വത്തിൽ വൃക്കതകരാറിലായ പാവപ്പെട്ട രോഗികൾക്കായി ആരംഭിച്ച സൗജന്യ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു. ഇരിയ കാട്ടുമാടം സായിഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് മെഷീനുകളുടെ സ്വിച്ച് ഓൺ കർമ്മം ജില്ലാ ജഡ്ജ് പഞ്ചപകേശൻ നിർവ്വഹിച്ചു. കെ.ദാമോദരൻ ആധ്യക്ഷം വഹിച്ചു. ബാലൻ പരപ്പ, ഉഷ, ഷാജി, ഭാസി, പി.എം. അഗസ്റ്റിൻ പ്രസംഗിച്ചു.

സത്യസായി ഓർഫനേജ് ട്രസ്റ്റ് നേതൃത്വത്തിൽ ഇരിയ സായിഗ്രാമത്തിൽ ആരംഭിച്ച സൗജന്യ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനോൽഘാടനം ജില്ലാ ജഡ്ജ് പഞ്ചപകേശൻ നിർവ്വഹിക്കുന്നു.

തെരഞ്ഞെടുപ്പ് ഏകോപനത്തിനായി പോൾ മാനേജർ ആപ്പ്

കാസർകോട്: തദ്ദേശ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പോൾ മാനേജർ ആപ്പ് പുറത്തിറക്കി. വോട്ടെടുപ്പുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ വേഗത്തിൽ ജില്ലാ തലത്തിൽ ലഭ്യമാക്കാനാണ് പോൾ മാനേജർ മൊബൈൽ ആപ്പ് ഉപയോഗിക്കുക. വോട്ടിംഗ് യന്ത്രങ്ങൾ ഏറ്റുവാങ്ങുന്നതു മുതൽ വോട്ടെടുപ്പ് കഴിഞ്ഞ് തിരിച്ച് ഏൽപ്പിക്കുന്നതുവരെയുള്ള എല്ലാ വിവരങ്ങളും ആപ്പിൽ രേഖപ്പെടുത്തും. വോട്ടെടുപ്പ് ദിവസം കൃത്യമായ ഇടവേളകളിൽ എല്ലാ ബൂത്തുകളിൽ നിന്നും വോട്ടിംഗ് ശതമാനം ആപ്പിലൂടെ ഉദ്യോഗസ്ഥർക്ക് നൽകാം. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് ആപ്പ് വികസിപ്പിച്ചത്. മുൻകൂട്ടി നിശ്ചയിച്ച 21 ചോദ്യാവലികളാണ് ആപ്പിലുള്ളത്. ഇതിലൂടെ പോളിംഗ് സ്റ്റേഷനിലേക്ക് നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർ പുറപ്പെട്ട് തിരിച്ചെത്തുന്നതു വരെയുള്ള വിവരങ്ങൾ ആപ്പിൽ രേഖപ്പെടുത്തും. പ്രിസൈഡിംഗ് ഓഫീസർ, ഫസ്റ്റ് പോളിംഗ് ഓഫീസർ, സെക്ടറൽ ഓഫീസർ എന്നിവർക്കാണ് ആപ്പ് ഉപയോഗിക്കാൻ സാധിക്കുക. ഉദ്യോഗസ്ഥരുടെ മൊബൈൽ ഫോണിലേക്ക് വരുന്ന ഒ ടി പി നമ്പർ ഉപയോഗിച്ചാണ് ആപ്പ് ഓപ്പൺ ചെയ്യുന്നത്. ബൂത്തുകളിലേക്ക് പുറപ്പെടുന്നതിന് മുൻപ് ഉദ്യോഗസ്ഥർക്ക് നമ്പർ അപ്ഡേറ്റ് ചെയ്യാനുള്ള സംവിധാനം തിരഞ്ഞെടുപ്പ് സാമഗ്രികൾ വിതരണം ചെയ്യുന്ന കേന്ദ്രങ്ങളിൽ ലഭിക്കും. ജില്ലാതല നോഡൽ ഓഫീസർമാർക്കാണ് പോൾ മാനേജർ ആപ്പ് ഉപയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ശേഖരിക്കേണ്ട ചുമതല. പോൾ മാനേജർ മൊബൈൽ ആപ്പുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ആരംഭിച്ചു. ആദ്യഘട്ടത്തിൽ മാസ്റ്റർ ട്രയിനർമാർക്ക് എൻ.ഐ.സിയുടെ ജില്ലാ ഇൻഫർ മാറ്റിക്സ് ഓഫീസർമാരാണ് പരിശീലനം നൽകുന്നത്. പരിശീലനം ലഭിച്ച മാസ്റ്റർ ട്രെയിനർമാർ, ബ്ലോക്ക് ലെവൽ/ മുനിസിപ്പൽ ട്രയിനർ തുടങ്ങിയവർക്ക് 23 ന് കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ പരിശീലനം നൽകും.

കുഴൽ കിണറിൽ നിന്നു വെള്ളമെടുക്കാൻ വഴിയില്ലെന്നു പരാതി

കാസർകോട്: കുഴൽ കിണർ നിൽക്കുന്ന സ്ഥലം പട്ടയം വാങ്ങിയ ആൾ വിൽപന നടത്തി. ഇതോടെ പൊതുകുഴൽക്കിണറിലെ വെള്ളം എടുക്കാൻ കഴിയാതെ ആവശ്യക്കാർ വിഷമത്തിൽ. കയ്യൂർ ചീമേനി പഞ്ചായത്തിലെ തിമിരി, വലിയപൊയിൽ , ഉമ്മനാത്താണ് സംഭവം. 20 വർഷം മുമ്പാണ് ഇവിടെ പഞ്ചായത്തു തനത് ഫണ്ട് ഉപയോഗിച്ച് കുഴൽ കിണർ നിർമ്മിച്ചത്.

കഴിഞ്ഞ വർഷം റിപ്പയർ ചെയ്യുകയും ചെയ്തു. എന്നാൽ പ്രസ്തു സ്ഥലത്തിനു പട്ടയം സമ്പാദിച്ച ആൾ സ്ഥലം വിൽക്കുകയും പുതിയ ഉടമ കുഴൽ കിണറിലേയ്ക്കുള്ള വഴി തടസ്സപ്പെടുത്തുകയാണെന്നു കാണിച്ച് പരിസരവാസികൾ എം എൽ എ, റവന്യൂ മന്ത്രി എന്നിവർക്കു പരാതി നൽകി.

അനധികൃത ബോർഡുകൾ നീക്കം ചെയ്യണം

കാസർകോട്: നഗരസഭാ പരിധിയിൽ അനധികൃതമായി സ്ഥാപിച്ച ബോർഡുകൾ, ബനറുകൾ എന്നിവ അടിയന്തിരമായി സ്വമേധയാ നീക്കം ചെയ്യണമെന്ന് സെക്രട്ടറി അറിയിച്ചു. അല്ലാത്തപക്ഷം പിഴ ഈടാക്കുമെന്നു മുന്നറിയിച്ചു.

കള്ളക്കേസുകൾ കൊണ്ട് ഇടതുപക്ഷത്തിന് പിടിച്ചു നിൽക്കാനാവില്ല: നെല്ലിക്കുന്ന്

കാഞ്ഞങ്ങാട്: സ്വർണ്ണക്കടത്തിന്റെയും മയക്കുമരുന്ന് കച്ചവടത്തിന്റെയും കിഫ്ബിയിലെ സി.എ.ജി ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കപ്പെട്ട കൃത്രിമത്വങ്ങളുടെയും ചളിക്കുഴികളിൽ കൈകാലിട്ടടിക്കുന്ന ഇടതുപക്ഷത്തിന് കള്ളക്കേസുകൾ കൊണ്ടോ അറസ്റ്റ് കൊണ്ടോ പിടിച്ച് നിൽക്കാനാവില്ലെന്ന് എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ. പരിഹസിച്ചു.പാലാരിവട്ടം പാലത്തിന് കോൺട്രാക്ടർക്ക് അഡ്വാൻസ് നൽകിയതാണ് ഇബ്രാഹിംകുഞ്ഞ് എം.എൽ.എ.ചെയ്ത തെറ്റെങ്കിൽ മുൻ കാല പൊതുമരാമത്ത് മന്ത്രിമാരെല്ലാം കുറ്റവാളികളാകേണ്ടതാണ് -അദ്ദേഹം പറഞ്ഞു.

അജാനൂർ പഞ്ചായത്ത് അഞ്ച് - പതിനാല് വാർഡ് യു.ഡി.എഫ് കൺ വെഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.സി എച്ച്. സുലൈമാൻ ഹാജി ആധ്യക്ഷം വഹിച്ചു. മുഹമ്മദ് കുഞ്ഞി, വൺ ഫോർ അബ്ദുൽ റഹ്മാൻ, തെരുവത്ത് മൂസഹാജി, എ.ഹമീദ് ഹാജി, ബഷീർ വെള്ളിക്കോത്ത്, മുബാറക്ക് ഹസൈനാർ ഹാജി, പി.എം. ഫറൂഖ് ഹാജി, ഹമീദ് ചേരക്കാടത്ത്, പി.അബ്ദുൽ കരീം, എ.പി.ഉമ്മർ, കൊവ്വൽ അബ്ദുൽ റഹ്മാൻ, വി.കമ്മാരൻ, പി.ബാലകൃഷ്ണൻ, സി.വി.തമ്പാൻ എം.ബി.എം.അഷറഫ്,കെ.കെ.അബ്ദുല്ലഹാജി, എൻ.വി. അരവിന്ദാക്ഷൻ നായർ, പി.എം. ഫൈസൽ, ഖാലിദ് അറബിക്കാടത്ത്, ദിവാകരൻ പടിഞ്ഞാറെക്കര, ബി.മുഹമ്മദ്, മൊയ്തീൻ കുഞ്ഞി, ജില്ലാ പഞ്ചായത്ത് മടിക്കൈ ഡിവിഷൻ സ്ഥാനാർത്ഥി കെ.ശ്രീജ, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് അജാനൂർ ഡിവിഷൻ സ്ഥാനാർത്ഥി ലക്ഷ്മി തമ്പാൻ, അഞ്ചാം വാർഡ് സ്ഥാനാർത്ഥി ഷക്കീല ബദറുദ്ദീൻ, പതിനാലാം വാർഡ് സ്ഥാനാർത്ഥി ഷീബ ഉമ്മർ സംസാരിച്ചു.

അതിഞ്ഞാൽ ലീഗ് ഹൗസിൽ നടന്ന അജാനൂർ പഞ്ചായത്തിലെ 5,14 വാർഡുകളുടെ തെരഞ്ഞെടുപ്പ് കൺവെൻഷൻ എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.

പ്രത്യേക വോട്ടർ പട്ടിക പുതുക്കൽ; കരട് പട്ടിക പ്രസിദ്ധീകരിച്ചു

കാസർകോട്: പ്രത്യേക വോട്ടർ പട്ടിക പുതുക്കൽ 2021 മായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കുന്നതിനായി ജില്ലയിലെ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബുവിന്റെ അധ്യക്ഷതയിൽ നടത്തി. നവംബർ 16 ന് പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയെ സംബന്ധിച്ച് ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ഡിസംബർ 15 വരെ സ്വീകരിക്കും. 2003 ജനുവരി ഒന്നിനോ അതിനുമുമ്പോ ജനിച്ചവർക്ക് സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളുടെ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് വെബ്സൈറ്റിലൂടേയും വോട്ടർഹെൽപ്പ്ലൈൻ എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴിയും അപേക്ഷിക്കാം. പുതിയ താമസ സ്ഥലത്ത് പേര് ചേർക്കുന്നതിനും പട്ടികയിൽ നിലവിലുള്ള വോട്ടർമാരുടെ വിവരങ്ങളിൽ എന്തെങ്കിലും തെറ്റുകളുണ്ടെങ്കിൽ തിരുത്തുന്നതിനും ഓൺലൈൻ വഴി സൗകര്യമുണ്ട്. യോഗത്തിൽ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എ കെ രമേന്ദ്രൻ, തഹസിൽദാർമാരായ എ വി രാജൻ, എൻ മണിരാജ്, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ സി എച്ച് കുഞ്ഞമ്പു, എം കുഞ്ഞമ്പു നമ്പ്യാർ, മൂസ ബി ചെർക്കള, മനുലാൽ മേലത്ത്, കെ ആർ ജയാനന്ദ സംബന്ധിച്ചു.

ജില്ലാ ആശുപത്രി: സിസ്റ്റർ ജയ ആന്റോ രാപ്പകൽ ഉപവാസം തുടങ്ങി

കാഞ്ഞങ്ങാട്: ജില്ലാ ആശുപത്രി കോവിഡിതര രോഗികൾക്കും തുറന്നു കൊടുക്കണമെന്നും തെക്കിൽ കോവിഡാശുപത്രി പൂർണ്ണ സജ്ജീകരണത്തോടെ പ്രവർത്തിക്കണമെന്നുമാവശ്യപ്പെട്ടു കൊണ്ട് ജനകീയ കർമ്മ സമിതി നടത്തുന്ന അനിശ്ചിതകാല റിലേ നിരാഹാര സമരം രാപ്പകൽ സമരമായി മാറ്റി.സാമൂഹ്യ പ്രവർത്തക സിസ്റ്റർ ജയ ആന്റോ ഉപവാസം ആരംഭിച്ചു.അധികാരികളുടെ ഭാഗത്തു നിന്നുമുണ്ടായ നിഷേധാത്മകമായ നിലപാട് മാറ്റി ആശുപത്രി എത്രയും വേഗം പൊതുജനങ്ങൾക്ക് വിട്ടു കൊടുക്കണമെന്ന് ജനകീയ കർമ്മ സമിതി ആവശ്യപ്പെട്ടു. എൻഡോസൾഫാൻ ദുരിതബാധിതരുടെ അമ്മമാരും കർമ്മസമിതി പ്രവർത്തകരും ജ്വാല തെളിച്ച് സമരം ഉദ്ഘാടനം ചെയ്തു.

യൂസഫ് ഹാജി അദ്ധ്യക്ഷം വഹിച്ചു. മുനീസ അമ്പലത്തറ, കുഞ്ഞിക്കണ്ണൻ കക്കാണത്ത്, ഫൈസൽ ചേരക്കാടത്ത്, പ്രേമചന്ദ്രൻ ചോമ്പാല, സൂര്യ നാരായണ ഭട്ട്, കെ.പി.രാമചന്ദ്രൻ, ചന്ദ്രാവതി പാക്കം, പവിത്രൻ തോയമ്മൽ സംസാരിച്ചു.

ജില്ലാ ആശുപത്രിയിൽ എല്ലാരോഗികൾക്കും പ്രവേശനം അനുവദിക്കണമെന്നാവശ്യപ്പെട്ടു കാഞ്ഞങ്ങാട്ടാരംഭിച്ച രാപ്പകൽ റിലേസമരം

മടിക്കൈ ഗ്രാമ പഞ്ചായത്തിൽ സി.പി.എം തെരെഞ്ഞെടുപ്പ് അട്ടിമറിക്കുന്നു: ബി.ജെ.പി

കാഞ്ഞങ്ങാട്: മടിക്കൈ ഗ്രാമ പഞ്ചായത്തിൽ സി. പി. എം തെരെഞ്ഞെടുപ്പ് അടിമറിക്കുകയാണെന്ന് ബി.ജെ.പി. മണ്ഡലം കമ്മറ്റി ആരോപിച്ചു. ചാളക്കടവ്, അടുക്കത്ത് പറമ്പ്, കക്കാട്ട് വാർഡുകളിൽ ബി. ജെ. പി സ്ഥാനാർത്ഥികൾക്ക് നോമിനേഷൻ കൊടുക്കാൻ പറ്റാത്ത അവസ്ഥയായിരുന്നു. നാമനിർദ്ദേശപത്രികയിൽ ഒപ്പിട്ടവരെ ഭീഷണിപ്പെടുത്തി പിൻവലിപ്പിച്ചു. നാമനിർദ്ദേശപത്രികയിൽ ഒപ്പിട്ടവരുടെ വീടുകളിൽ നൂറിലധികം വരുന്ന സി.പി.എം പ്രവർത്തകർ ഇരച്ചുകയറി ഭീഷണിപ്പെടുത്തുകയും ജീവ ഭയത്താലും വസ്തുവകകൾ നശിപ്പിക്കുന്നതിനാലും പൊലീസിൽ പരാതിപ്പെടാൻ പോലും കഴിയാത്ത അവസ്ഥയായിരുന്നെന്നും അറിയിപ്പിൽ പറഞ്ഞു. ഏക പക്ഷീയമായി തെരെഞ്ഞെടുക്കപ്പെടാനായി എതിർ സ്ഥാനാർത്ഥികളേയും നിർദ്ദേശകരേയും ഭീഷണിപ്പെടുത്തി പിൻതിരിപ്പിക്കുന്ന ഫാസിസ്റ്റ് നയം സി.പി.എമ്മിന് വരും ദിവസങ്ങളിൽ തിരിച്ചടിക്കിടയാക്കുമെന്നു അറിയിപ്പിൽ ഓർമ്മിപ്പിച്ചു. ചാളക്കടവ്, അടുക്കത്ത് പറമ്പ്, കക്കാട് എന്നീ വാർഡുകളിൽ ബി.ജെ.പി. പ്രവർത്തകർക്ക് നാമനിർദ്ദേശപത്രിക കൊടുക്കാനാവാത്തതിനാൽ സി.പി.എമ്മിന് എതിർ സ്ഥാനാർത്ഥികളില്ലാത്ത അവസ്ഥയാണ്. സി.പി.എമ്മിന് സ്വാധീനമുള്ള മേഖലകളിൽ വലിയ തോതിലുള്ള അഭിപ്രായ വ്യത്യാസങ്ങളും രൂക്ഷമായ എതിർപ്പും നേരിടേണ്ടിവരുമെന്ന് കണക്കുകൂട്ടിയാണ് ഈ രീതിയിൽ ഭീഷണി മുഴക്കി എതിർ ശബ്ദങ്ങളെ ഇല്ലാതാക്കുന്നത്. കേരളത്തിലുടനീളം സി.പി.എം വിരുദ്ധ രാഷ്ട്രീയ സാഹചര്യത്തെ ജനാധിപത്യപരമായി നേരിടാനാവാതെ തെരെഞ്ഞെടുപ്പിനെ അട്ടിമറിക്കാനാണ് സി പി എം നേതാക്കന്മാർ ശ്രമിക്കുന്നതെന്നും സുതാര്യവും നീതിയുക്തവുമായ തെരഞ്ഞെടുപ്പിന് തെരെഞ്ഞെടുപ്പ് കമ്മീഷനും ജില്ലാ ഭരണാധികാരികളും സൗകര്യമൊരുക്കണമെന്നും ബി.ജെ.പി. ആവശ്യപ്പെടുന്നു.

പാക്കം ബ്ലോക്ക് ഡിവിഷൻ സ്ഥാനാർത്ഥിക്കു രക്തസാക്ഷികളുടെ രക്ഷിതാക്കൾ കെട്ടിവയ്ക്കാനുള്ള പണം നൽകിയപ്പോൾ

ജില്ലയിൽ ഫോർവേർഡ് ബ്ലോക്ക് തനിച്ച് മത്സരിക്കും

കാസർകോട്: ഉഭയകക്ഷി ചർച്ച പരാജയപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഫോർവേർഡ് ബ്ലോക്ക് ജില്ലയിൽ ഒറ്റക്ക് മത്സരിക്കുന്നു. ജില്ലാ പഞ്ചായത്ത് ചെങ്കള ഡിവിഷനിലും കാസർകോട് ബ്ലോക്ക് പഞ്ചായത്തിലെ ഇടനീർ ഡിവിഷനിലും, നാമനിർദേശ പത്രിക സമർപ്പിച്ചു. ചെങ്കള ഡിവിഷനിൽ ഇഖ്ബാൽ കല്ലുവളപ്പിലും കാസർകോട് ബ്ലോക്ക്പഞ്ചായത്ത് ഇടനീർ ഡിവിഷനിൽ നിന്ന് സയീദ് കിസ്മത്തും നാമനിർദേശ പത്രിക സമർപ്പിച്ചു. യോഗത്തിൽ ജില്ലാ സെക്രട്ടറി മുനീർ മുനമ്പം ആധ്യക്ഷം വഹിച്ചു. മനോജ് ശങ്കരനെല്ലൂർ, ഷാഫി കല്ലുവളപ്പിൽ, കുമാർ പുല്ലൂർ, മുഹമ്മദ് ഉക്കിനടുക്ക, ഷാഫി പെരുമ്പള, റഹ്മാൻ എംഎആർ സംസാരിച്ചു.

കാസർകോട് ജില്ലാ പഞ്ചായത്ത് പുത്തിഗെ ഡിവിഷനിൽ നിന്ന് പി ഡി പി സ്ഥാനാർത്ഥിയായി മത്സരിക്കുന്ന ഗോപി കുതിരക്കല്ലും ചെങ്കള ഡിവിഷനിൽ നിന്ന് മത്സരിക്കുന്ന ഷാഫി സുഹ്‌രി പടുപ്പും

പാക്കം ബ്ലോക്ക് ഡിവിഷൻ സ്ഥാനാർഥിക്കു കെട്ടിവെയ്ക്കാനുള്ള തുക കൃപേഷ് – ശരത്ത് ലാൽ രക്ഷിതാക്കൾ നൽകി

പള്ളിക്കര: കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പാക്കം ഡിവിഷനിൽ നിന്നും മത്സരിക്കുന്ന യു.ഡി.എഫ് സ്ഥാനാർഥി സുകുമാരൻ പൂച്ചക്കാടിന് കെട്ടിവെയ്ക്കാനുള്ള തുക കല്ല്യോട്ടെ രക്തസാക്ഷികളായ കൃപേഷ് - ശരത്ത് ലാൽ എന്നിവരുടെ രക്ഷിതാക്കളായ കൃഷ്ണനും സത്യനാരായണനും നൽകി. കല്ല്യോട്ടെ രക്തസാക്ഷികളുടെ ശവകുടീരത്തിൽ പുഷ്പാർച്ചന ചെയ്ത് കൃപേഷ് - ശരത്ത് ലാലിന്റെ രക്ഷിതാക്കളിൽ നിന്ന് കെട്ടിവെയ്ക്കാനുള്ള തുക സ്വീകരിച്ച് തെരെഞ്ഞടുപ്പ് പ്രവർത്തനത്തിന് തുടക്കം കുറിച്ചു. സി പി എം നേതാവ് കെ മണികണ്ഠനാണ് എതിർ സ്ഥാനാർത്ഥി.

ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് സി.രാജൻ പെരിയ, ഡി.സി.സി നിർവ്വാഹക സമിതി അംഗം സത്യൻ പൂച്ചക്കാട്, രാജേഷ്, അനൂപ് എം.കെ., എം.കെ. ബാബുരാജ്, ജനാർദ്ദനൻ എന്നിവർ സംബന്ധിച്ചു.

വനിതാ സ്ഥാനാർത്ഥികളെ അപമാനിക്കാൻ ശ്രമിക്കുന്നവർക്ക് കുരുക്ക് വീഴും

കാസർകോട്: തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന വനിതാ സ്ഥാനാർത്ഥികളെ അപമാനിക്കുംവിധം സാമൂഹ്യ മാധ്യമങ്ങളിൽ പോസ്റ്റിടുന്നവർക്ക് കുരുക്കുവീഴും. ഇത്തരക്കാർക്കെതിരെ പരാതി കിട്ടിയാൽ ജാമ്യമില്ലാ വകുപ്പുകളിൽ പ്രതിയാക്കി ഇരുമ്പഴികൾക്കുള്ളിലാക്കാൻ എല്ലാ പൊലീസ് സ്റ്റേഷനുകളിലേക്കും ഉത്തരവെത്തിക്കഴിഞ്ഞു. ഐ ടി ആക്ടും സംസ്ഥാന പൊലീസ് ആക്ടുകളും അനുസരിച്ചാകും കേസെടുക്കുക. എതിരാളികളായ വനിതാ സ്ഥാനാർത്ഥികളുടെ ഫോട്ടോയ്ക്കൊപ്പം മറ്റു ചിത്രങ്ങൾ ചേർത്ത് മോർഫ് ചെയ്യുന്ന വിരുതന്മാർക്ക് ഇത്തവണ പിടിവീഴുമെന്നുപ്പാണ്.

പുല്ലൂർ പെരിയ പഞ്ചായത്ത് യു ഡി എഫ് തെരഞ്ഞെടുപ്പ് കൺവെൻഷൻ രാജ്മോഹൻ ഉണ്ണിത്താൻ എം എൽ എ ഉദ്ഘാടനം ചെയ്യുന്നു

പുല്ലൂർ പെരിയയിൽ സി പി എമ്മിനെതിരെ ജനങ്ങൾ പ്രതികരിക്കും: എംപി

പെരിയ:പുല്ലൂർ പെരിയയിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സിപിഎമ്മിനെതിരെ പൊതുജനങ്ങൾ ബാലറ്റിലൂടെ പ്രതികരിക്കുമെന്ന് രാജ്മോഹൻ ഉണ്ണിത്താൻ എംപി അഭിപ്രായപ്പെട്ടു.

നിരപരാധികളായ യുവാക്കളെ അരും കൊല ചെയ്ത കമ്മ്യൂണിസ്റ്റ് പാർട്ടി ഈ നാടിനു തന്നെ ആപത്ത് ആണെന്ന് തിരിച്ചറിഞ്ഞ ജനങ്ങൾ തന്നെയാണ് എന്റെയും വിജയത്തിന് കാരണമെന്നും അതുപോലെ തന്നെ പുല്ലൂർ പെരിയ പഞ്ചായത്ത് ഭരണത്തിൽ നിന്നും സിപിഎമ്മിനെ ഇവിടത്തെ ജനങ്ങൾ തന്നെ ഇല്ലാതാക്കുമെന്നും ഉണ്ണിത്താൻ പറഞ്ഞു.പുല്ലൂർ പെരിയ പഞ്ചായത്ത് യുഡിഎഫ് തെരഞ്ഞെടുപ്പു കൺവെൻഷൻ ഉൽഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കെപിസിസി ജനറൽ സെക്രട്ടറി ജി രതികുമാർ മുഖ്യപ്രഭാഷണം നടത്തി. കെ.പി.സി.സി സെക്രട്ടറി സി ബാലകൃഷ്ണൻ പെരിയ സ്ഥാനാർത്ഥികളെ പരിചയപ്പെടുത്തി. ടി രാമകൃഷ്ണൻ, മുസ്തഫ പാറപ്പള്ളി, സി രാജൻ പെരിയ, കരീം കുണിയ എന്നിവരും യുഡിഎഫ് സ്ഥാനാർത്ഥികളും സംസാരിച്ചു.

ഭരതനാട്യം ഓൺലൈൻ മത്സര വിജയികൾ

കാഞ്ഞങ്ങാട്: സന്ധ്യ ആർട്സ് സംസ്ഥാനതലത്തിൽ നടത്തിയ ഭരതനാട്യം സെമി ക്ലാസിക്കൽ ഓൺലൈൻ മത്സരങ്ങളുടെ വിജയികളെ പ്രഖ്യാപിച്ചു. ഭരതനാട്യം, സെമി ക്ലാസിക്കൽ മത്സരങ്ങൾ സബ്ജൂനിയർ, ജൂനിയർ, സീനിയർ എന്നീ തലങ്ങളിലാണ് നടത്തിയത്. എല്ലാതലത്തിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് സ്വർണ്ണ പതക്കവും മൊമന്റോകളുമാണ് നൽകിയത്. ഓരോ മത്സരങ്ങൾക്കും ജൂറി പ്രത്യേക പുരസ്കാരവും നൽകി. മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും പങ്കാളിത്ത മികവിനുള്ള മൊമന്റോകളും നൽകി. കാസർകോട് ജില്ലയിലെ മത്സര വിജയികൾക്കുള്ള സമ്മാനദാനം സിനിമ, സീരിയൽ നടൻ ഉണ്ണിരാജ് നിർവ്വഹിച്ചു.



ഭരതനാട്യം ഓൺലൈൻ മത്സരവിജയികൾക്കുള്ള സമ്മാനദാനം ഉണ്ണിരാജ് നിർവ്വഹിക്കുന്നു

സംവരണ അട്ടിമറിക്കെതിരെ ശക്തമായ പ്രക്ഷോഭം നടത്തും: സമസ്ത സംരക്ഷണ സമിതി

കാസർകോട്: വോട്ട് ബാങ്ക് ലക്ഷ്യമാക്കി കൊണ്ടുള്ള സർക്കാരിന്റെ സംവരണ അട്ടിമറിക്കെതിരെ ശക്തമായ പ്രക്ഷോഭം സംഘടിപ്പിക്കാൻ സമസ്ത സംവരണ സംരക്ഷണ സമിതി യോഗം തീരുമാനിച്ചു. അബ്ദുൽ മജീദ് ബാഖവിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം സമസ്ത ഉപാദ്ധ്യക്ഷൻ യു.എം.അബ്ദുറഹിമാൻ മൗലവി ഉദ്ഘാടനം ചെയ്തു. സയ്യിദ് ഹുസൈൻ തങ്ങൾ, സയ്യിദ് എം.എസ്.തങ്ങൾ മദനി, പി.ടി.മുഹമ്മദ് മാഷ്, ചെങ്കളം അബ്ദുല്ല ഫൈസി പ്രസംഗിച്ചു. ഭാരവാഹികളായ അബൂബക്കർ സാലൂദ് നിസാമി (ചെയ), സുഹൈർ അസ്ഹരി പള്ളങ്കോട് (ജന: കൺ.), മൊയ്തീൻ കൊല്ലമ്പാടി(ട്രഷ.), സയ്യിദ് ഹുസൈൻതങ്ങൾ മാസ്തിക്കുണ്ട്, ഇ.പി.ഹംസത്തു സഅദി ബെളിഞ്ചം, എം.എ.എച്ച്മഹ്മൂദ് ചെങ്കള (വൈസ്. ചെയ,)സിറാജ്, കെ.പി.അബ്ദുൽ ഖാദർ ഫൈസി മുഹത്തിശ്, വി.കെ.മുശ്താഖ് ദാരിമി മൊഗ്രാൽപുത്തൂർ. (കൺ), എന്നിവരെ തിരഞ്ഞെടുത്തു.

നിർദേശം ലംഘിച്ചാൽ തട്ടുകടകൾക്ക് എതിരെ കർശന നടപടി

കാസർകോട്: ജില്ലയിലെ കടകളുടെയും ഹോട്ടലുകളടക്കമുള്ള വ്യാപാര സ്ഥാപനങ്ങളുടെയും പ്രവർത്തന സമയം രാത്രി ഒൻപത് വരെയാണ്. തട്ടുകടകളിൽ പാർസലായി മാത്രമേ ഭക്ഷണം വിൽക്കാൻ പാടുള്ളൂ.

ഈ സ്ഥാപനങ്ങളിലെ ജീവനക്കാർ ഗ്ലൗസ്, മാസ്ക് എന്നിവ ധരിക്കേണ്ടതും, കടയ്ക്കു മുന്നിൽ ആൾക്കാർ കൂട്ടം കൂടുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. ഈ നിർദ്ദേശങ്ങൾ ലംഘിക്കുന്ന തട്ടുകടകൾ ജെ സി ബി ഉപയോഗിച്ചു നീക്കം ചെയ്യുമെന്നു കളക്ടർ മുന്നറിയിച്ചു.

നാല്, ഏഴ്, പത്ത്, പ്ലസ്ടു ക്ലാസുകൾ ജനുവരി മുതൽ ആരംഭിക്കണം: സപര്യ

കാഞ്ഞങ്ങാട്: ഈ അദ്ധ്യയന വർഷത്തിന്റെ അവസാന ഘട്ടത്തിൽ നാല്, ഏഴ് ,പത്ത്, പ്ലസ്ടു ക്ലാസുകൾ ജനുവരി ഒന്നിന് ആരംഭിക്കുവാനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നതിനെക്കുറിച്ച് രക്ഷിതാക്കൾ മുന്നോട്ട് വരണമെന്ന് സപര്യ സാംസ്കാരിക സമിതി സംസ്ഥാന കമ്മിറ്റിയോഗം ആവശ്യപ്പെട്ടു. മേൽപ്പറഞ്ഞ ക്ലാസുകളിലെ വിദ്യാർഥികൾ അവരുടെ വിദ്യാഭ്യാസ ജീവിതത്തിൽ സ്കൂളിൽ നിന്നും വിടപറയുന്ന വർഷമാണെന്നതിനാൽ ജനുവരി മുതൽ മെയ് വരെയുള്ള മാസങ്ങളിൽ പാഠാനുഭവങ്ങൾ നൽകി പഠനനേട്ടം ഉറപ്പ് വരുത്താൻ അദ്ധ്യാപക സംഘടനകൾ രംഗത്ത് വരണമെന്നും പ്രമേയത്തിൽ പറയുന്നു. ഓൺലൈൻ യോഗത്തിൽ.സംസ്ഥാന അദ്ധ്യക്ഷൻ ഡോ.ആർ.സി.കരിപ്പത്ത് ആധ്യക്ഷംവഹിച്ചു.മഹാകവി എസ് രമേശൻ നായർ മാർഗനിർദേശം നൽകി.സുകുമാരൻപെരിയച്ചൂർ പ്രമേയം അവതരിപ്പിച്ചു.ടി.കെ.ഡി.മുഴപ്പിലങ്ങാട്,പ്രാപ്പൊയിൽ നാരായണൻ, മധുസൂദനൻ മട്ടന്നൂർ, കുഞ്ഞപ്പൻ തൃക്കരിപ്പൂർ, ആനന്ദകൃഷ്ണൻ എടച്ചേരി, രാജേഷ് പുതിയകണ്ടം എന്നിവർ സംസാരിച്ചു.

PWD ലൈസൻസ് നഷ്ടപ്പെട്ടു

എന്റെ PWD ലൈസൻസ് (Reg.No.16 ‘C’/ 2015-16) വിദ്യാനഗറിനും ചെർക്കളക്കുമിടയിലുള്ള യാത്രാ മദ്ധ്യേ 13/11/2020ന് നഷ്ടപ്പെട്ടു. കണ്ടു കിട്ടുന്നവർ ദയവായി താഴെ കാണുന്ന വിലാസത്തിൽ അറിയിക്കുവാൻ അപേക്ഷ. അല്ലാത്ത പക്ഷംഡ്യൂപ്ലിക്കേറ്റ് ലൈസൻസിന് ഞാൻ അപേക്ഷിക്കുന്നതാണ്

Mohammed Irfan K.H
S/o. K H Hassainar,
K.H House, Cheroor P.O,
Kasaragod.
Mob:9895578164